പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം
നം. 821

30.01.2019-ൽ മറുപടിയ്ക്ക്

## സ്വദേശാഭിമാനി ഹബ്

**ചോദ്യം**

ശ്രീ. കെ. ആൻസലൻ

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി)

നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ജന്മഗൃഹത്തിൽ, 2016-17 പൊതുബജറ്റിൽ ഉൾപ്പെടുത്തിയ സ്വദേശാഭിമാനി ഹബ് സ്ഥാപിക്കാൻ തിരുവനന്തപുരം പ്രസ്സ് ക്ലബ് സെക്രട്ടറി 17.12.2018-ൽ നൽകിയ പ്രോജക്റ്റ് റിപ്പോർട്ട് അനുസരിച്ച് 1439/VIP/M(SC/ST) SC Dtd: 26.12.2018 നമ്പറായി നൽകിയ കത്ത് അനുസരിച്ച് സാംസ്കാരിക വകുപ്പ് സെക്രട്ടറി എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന സ്വദേശാഭിമാനി മീഡിയ ഹബിന് 20 ലക്ഷം രൂപ ഒറ്റ തവണ ധനസഹായമായി പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത തുക ഉപയോഗിച്ച് തീർപ്പാക്കാൻ ഉദ്ദേശിക്കുന്ന സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ളയുടെ ജന്മഗൃഹത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളെ സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ പ്രസ്സ് ക്ലബ്ബ് സെക്രട്ടറിയുടെ 08.12.2018 തിയതിയിലെ വിശദമായ പ്രൊപ്പോസൽ ശ്രീ. കെ. അൻസലൻ. എം. എൽ. എ-യുടെ 17.12.2018-ലെ എ.കെ/എസ്.ഡബ്ളിയു-01/2018-19 നമ്പർ കത്ത് മുഖാന്തിരം (പുറത്തെഴുത്ത് നമ്പർ. 1439/വി.ഐ.പി/എം.ഐ.എൻ (എസ്.സി/എസ്.റ്റി, ബി.സി, എൽ.എ.ഡബ്ളിയു. ആന്റ്. സി/18 പ്രകാരം) ലഭ്യമാക്കുകയുണ്ടായി. ആയതിനെ തുടർന്ന് മേൽ പരാമർശിച്ച പ്രപ്പോസൽ തിരുവനന്തപുരം ജില്ലാ പ്രസ്സ് ക്ലബ്ബ് സമ്മർപ്പിച്ചതായതിനാൽ ഈ കാര്യത്തിൽ

സർക്കാരിലെ അവരുടെ ഭരണ വകുപ്പായ വിവര-പൊതു ജന സമ്പർക്ക വകുപ്പുമായി ബന്ധപ്പെടുകയും ടി വകുപ്പിൽ ഈ വിഷയം സി.1/124/2017/ഐ.ആന്റ്.പി.ആർ.ഡി എന്ന ഫയലായി പരിശോധിച്ച് വരുകയാണെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ, 08.12.2018-ലെ പ്രസ്തുത പ്രപ്പോസൽ തുടർ-നടപടികൾ സ്വീകരിക്കുന്നതിനായി. ഈ വകുപ്പിന്റെ എ.2/491/2018/സാം.കാ.വ നമ്പർ ഫയലായി വിവര-പൊതു ജന സമ്പർക്ക വകുപ്പിന് 05.01.2019-ൽ കൈമാറിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ